# കേരളസർവകലാശാല

നം.പി.ആർ.258/2020

## പത്രക്കുറിപ്പ്

### കേരളസർവകലാശാല റെഗുലർ ക്ലാസുകൾ ജനുവരി 4 ന് ആരംഭിക്കും

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾ, കേരളസർവകലാശാല പഠനവകുപ്പുകൾ, ബി.എഡ്. സെന്ററുകൾ, യു.ഐ.ടി., യു.ഐ.എം. എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾ, അനദ്ധ്യാപക ജീവനക്കാർ എന്നിവർ ഡിസംബർ 28 മുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹാജരാകേണ്ടതും 2021 ജനുവരി 4 മുതൽ റെഗുലർ ക്ലാസുകൾ തുടങ്ങേണ്ട തരത്തിൽ ക്ലാസ് റൂമുകൾ, ഹോസ്റ്റലുകൾ വൃത്തിയാക്കേണ്ടതും, സാനിറ്റൈസ് ചെയ്യേണ്ടതാണ്.

### ഒന്നാംവർഷ ബിരുദ പ്രവേശനം 2020 – സ്പോട്ട് അലോട്ട്മെന്റ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/ഐ.എച്ച്.ആർ.ഡി. കോളേജുകൾ, യു.ഐ.റ്റി.കൾ എന്നിവിടങ്ങളിൽ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള എസ്.സി./എസ്.ടി., ജനറൽ, മറ്റു സംവരണ സീറ്റുകളിലേക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ തങ്ങളുടെ പ്രൊഫൈലിൽ നിന്നും പുതിയതായി ഓപ്ഷനുകൾ സമർപ്പിക്കണം. ഓപ്ഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 29. വിശദവിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### യു.ജി./പി.ജി. പ്രവേശനം – എയ്ഡഡ് കോളേജുകളിലെ പുതിയ കോഴ്സുകളിലെ കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയതായി അനുവദിച്ച ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളുടെ കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷനിലേക്ക് നിശ്ചിത തീയതിക്ക് മുൻപായി കോളേജുകളിൽ നേരിട്ട് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ റാങ്ക്ലിസ്റ്റ് ഡിസംബർ 29 ന് അതതു കോളേജുകളിൽ പ്രസിദ്ധീകരിക്കുന്നതാണ്. റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടവർ ജനുവരി 4 ന് രാവിലെ 10.30 ന് എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസൽ സഹിതം അതതു കോളേജുകളിൽ ഹാജരാകേണ്ടതാണ്.

## ടൈംടേബിൾ

2020 ഡിസംബർ 4 ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ മൂന്നാം സെമസ്റ്റർ എം.എഡ്. ഡിഗ്രി പരീക്ഷ (2018 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷ 2021 ജനുവരി 6 ന് നടത്തുന്നതാണ്. പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ഡിസംബർ 18 ന് ആരംഭിക്കാനിരുന്നതും മാറ്റിവച്ചതുമായ മൂന്നാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി പരീക്ഷ, നവംബർ 2020 (2019 സ്കീം – റെഗുലർ, 2015 സ്കീം – സപ്ലിമെന്ററി) 2021 ജനുവരി 13 ന് ആരംഭിക്കും. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാകേന്ദ്രം

ഒന്നാംവർഷ ബി.ബി.എ. (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ പുനഃക്രമീകരിച്ചു. 2021 ജനുവരി 5 ന് പരീക്ഷ ആരംഭിക്കുന്നതായിരിക്കും. തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എം.ജി. കോളേജ്, കേശവദാസപുരത്തും കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ശ്രീ വിദ്യാധിരാജ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് കരുനാഗപ്പള്ളിയിലും ആലപ്പുഴ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ടി.കെ.മാധവ മെമ്മോറിയൽ കോളേജ് നങ്ങ്യാർകുളങ്ങരയിലും പത്തനംതിട്ട പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എൻ.എസ്.എസ്. കോളേജ്, പന്തളത്തും പരീക്ഷ എഴുതേണ്ടതാണ്. ഹാൾടിക്കറ്റുകൾ അതതു പരീക്ഷാകേന്ദ്രത്തിൽ നിന്നും കൈപ്പറ്റേണ്ടതാണ്. പുതുക്കിയ ടൈംടേബിളും മറ്റു വിശദവിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## പെൻഷൻ പരിഷ്കരണത്തിനുള്ള അപേക്ഷ സമർപ്പിക്കാം

കേരളസർവകലാശാലയിൽ നിന്നും യു.ജി.സി. സ്കീമിൽ പെൻഷൻ കൈപ്പറ്റുന്ന പെൻഷൻകാരും ഫാമിലി പെൻഷൻകാരും പെൻഷൻ പരിഷ്കരണത്തിനുള്ള അപേക്ഷ ഫിനാൻസ് ഓഫീസർ, കേരള സർവകലാശാല, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ തപാൽ മാർഗം നൽകേണ്ടതാണ്. അപേക്ഷയുടെ മാതൃക www.kufinance.info എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അറബിക് ടൈപ്പിംഗ് – അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല അറബിക് പഠനവകുപ്പ് നടത്തിവരുന്ന മൂന്നുമാസ അറബിക് ടൈപ്പിംഗ് (സെക്കന്റ് ബാച്ച് - പാർട്ട് ടൈം) കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ്ടു, ഫീസ്: 3000/–, അപേക്ഷാഫോം കാര്യവട്ടത്തുള്ള അറബിക് പഠനവകുപ്പിൽ/വെബ്സൈറ്റിൽ (www.arabicku.in) ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 15. ഫോൺ: 9633812633/0471 2308846

## പിഎച്ച്.ഡി. രജിസ്ട്രേഷൻ 2021 - ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ ജനുവരി 2021 സെഷൻ പിഎച്ച്.ഡി. രജിസ്ട്രേഷന് ഒഴിവുകളുള്ള വിഷയങ്ങളിൽ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. 2021 ജനുവരി 1 മുതൽ 15 വരെ സർവകലാശാലയുടെ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ (www.research.keralauniversity.ac.in) അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് റിസർച്ച് പോർട്ടൽ വെബ്സൈറ്റ് സന്ദർശിക്കുക. യൂണിവേഴ്സിറ്റി ടീച്ചിംഗ് ഡിപ്പാർട്ട്മെന്റുകളിൽ ഇല്ലാത്ത വിഷയങ്ങളിൽ

അപേക്ഷിച്ചവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധരേഖകളും 2021 ജനുവരി 16 ന് 5 മണിക്ക് മുൻപായി കേരളസർവകലാശാല രജിസ്ട്രാറിന് സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ ഫീസ് ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. (https://pay.keralauniversity.ac.in).

## സൂക്ഷ്മപരിശോധന

ആറാം സെമസ്റ്റർ ബി.ടെക്. സപ്ലിമെന്ററി ഡിസംബർ 2019 (2013 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി കേരളസർവകലാശാല പാളയം ക്യാമ്പസിലെ റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ.VII) ഡിസംബർ 29, 30, 31 തീയതികളിൽ ഹാജരാകേണ്ടതാണ്.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാല ഒപ്ടോഇലക്ട്രോണിക്സ് പഠനവകുപ്പിൽ എം.ടെക്. പ്രോഗ്രാമിന്റ നിലവിലുള്ള ഒഴിവിലേക്ക് (ജനറൽ വിഭാഗം – 1, എസ്.സി./എസ്.ടി. വിഭാഗം – 2, മറ്റ് സംവരണ വിഭാഗം – 5) പഠനവകുപ്പിൽ വച്ച് 2020 ഡിസംബർ 29 നും ശേഷിക്കുന്ന ഒഴിവിലേക്ക് ഡിസംബർ 30 നും സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും, ഫീസും ഉൾപ്പെടെ അന്നേദിവസം രാവിലെ 11.00 മണിക്ക് കാര്യവട്ടത്തുള്ള കേരളസർവകലാശാല ഒപ്ടോഇലക്ട്രോണിക്സ് പഠനവകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക് 0471 - 2308167എന്ന നമ്പറിൽ ബന്ധപ്പെടുക.

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക്. കോഴ്സുകളിലെ (ഇ.സി., സി.എസ്., ഐ.ടി.) ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷനും കൂടാതെ എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷനും കൂടാതെ എൻ. ആർ.ഐ. സീറ്റുകളിലേക്കുള്ള അഡ്മിഷനും ഡിസംബർ 29 മുതൽ 31 വരെ കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് www.ucek.in/9037119776, 9846332974

കേരളസർവകലാശാല സ്റ്റഡി ആന്റ് റിസർച്ച് സെന്റർ, ആലപ്പുഴയിൽ എം.കോം. റൂറൽ മാനേജ്മെന്റ് കോഴ്സിന് 2020 അഡ്മിഷന് എസ്.സി., എസ്.ടി. സീറ്റുകൾ ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഡിസംബർ 30 ന് രാവിലെ 10.30 ന് സെന്ററിൽ നേരിച്ച് ഹാജരാകണം. വിശദവിവരങ്ങൾക്ക്: 0477 – 2266245

## കാഷ്വൽ ലേബറർമാരുടെ പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല ഓഫീസിലേക്ക് ദിവസക്കൂലി അടിസ്ഥാനത്തിൽ കാഷ്വൽ ലേബറർമാരുടെ പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിനായി, എഴുത്തും വായനയും അറിയാവുന്ന, കായികക്ഷമതയുള്ളവരിൽ നിന്നും ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. കുറഞ്ഞ പ്രായപരിധി: 30 വയസ്സ് (01.01.2020 അടിസ്ഥാനമാക്കി) ഉയർന്ന പ്രായപരിധി: ജനറൽ: 45 വയസ്സ്, ഒ.ബി.സി. – 48 വയസ്സ്, പട്ടികജാതി/പട്ടികവർഗ്ഗം – 50 വയസ്സ്. വിദ്യാഭ്യാസ യോഗ്യത: വിജ്ഞാപന തീയതിക്കകം ഏഴാം തരം പാസ്സായിട്ടുള്ളവരും, പത്താം തരം പാസ്സായിട്ടില്ലാത്തവരുമായിരിക്കണം. എസ്.എസ്.എൽ.സി. യോ മറ്റു തത്തുല്യ പരീക്ഷകളോ പാസായവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല. എട്ടാം തരത്തിന് താഴെ വിദ്യാഭ്യാസയോഗ്യതയുള്ളവരെ ക്ലീനർ/സ്വീപ്പർ തസ്തികകളിലേക്ക് മാത്രം പരിഗണിക്കുന്നതാണ്.

അപേക്ഷകൾ 2021 ജനുവരി 14 ാം തീയതി 5.00 ന് മുൻപ് തന്നെ സർവകലാശാല റിക്രൂട്ട്മെന്റ് പോർട്ടൽ (https://recruit.keralauniversity.ac.in/) വഴി ഓൺലൈനായി സമർപ്പിച്ചിരിക്കണം. വിജ്ഞാപനവും, വിശദവിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**28.12.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**